# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 126 01.12.2014 ൽ മറുപടിക്ക്

## കണ്ണൂർ വിമാനത്താവള നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ: | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെൻഡർ ക്ഷണിച്ചതെന്നാണ് ; | (എ) | കണ്ണൂർ വിമാനത്താവളത്തിന്റെ നിർമ്മാണത്തിന്റെ EPC- 1 ഘട്ടത്തിലുൾപ്പെടുന്ന റൺവെ നിർമ്മാണം, അനുബന്ധപ്രവൃത്തികൾ,റോഡുനിർമ്മാണം,ചുറ്റുമതിൽ മുതലായവയുടെ നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിനായി യോഗ്യതയുള്ളവരുടെ അഭ്യർത്ഥനക്കായി ആർ.എഫ്.ക്യൂ 2013 ജനുവരി 22നും ടെർമിനൽ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് യോഗ്യരായവരുടെ RFQ വിനായി 2014 ഫെബ്രുവരി 5 നുമാണ് യഥാക്രമം ക്ഷണം പ്രസിദ്ധീകരിച്ചത്. |
| (ബി) | സാങ്കേതിക ബിഡ്ഡിൽ എത്ര സ്ഥാപനങ്ങളാണ് യോഗ്യത നേടിയത്; അവ ഏതെല്ലാം; | (ബി) | റൺവെയുടെയും അനുബന്ധ പ്രവൃത്തികളുടെയും സാങ്കേതിക ബിഡ്ഡിൽ (ഇ.പി.സി)-1 8 കമ്പനികൾ യോഗ്യത നേടി. അവ താഴെ പറയുന്നവയാണ്.<br><br>1. OGSE "SIBMOST" - GAYATRI<br>2. GMR - LIMAK<br>3. ITD CEMENTATION INDIA LIMITED<br>4. TAV ESSAR<br>5. EKO-UNITY<br>6. LARSEN & TOUBRO LTD<br>7. ISOLUX INGENIERIA S.A<br>8. SANJOSE-GAMMON<br><br>റൺവെയുടെയും അനുബന്ധ പ്രവർത്തികളുടെയും ഫിനാൻഷ്യൽ ബിഡ് 5 നവംബർ 2013 ന് തുറന്നു. |

| | | | |
|---|---|---|---|
| | | | ടെർമിനൽ നിർമ്മാണത്തിനുള്ള സാങ്കേതിക ബിഡ്ഡിൽ 3 കമ്പനികൾ യോഗ്യത നേടി.<br>1. LARSEN & TOUBRO LTD<br>2. ITD CEMENTATION INDIA LIMITED<br>3. SHAPORJI PALLONJI & CO.LIMITED<br>ടെർമിനൽ ബിൽഡിംഗിന്റെ ഫിനാൻഷ്യൽ ബിഡ് 21 ജൂൺ 2014ന് തുറന്നു. |
| (സി) | സാങ്കേതിക ബിഡ്ഡിൽ യോഗ്യത നേടിയ കമ്പനികളുടെ ഫിനാൻഷ്യൽ ബിഡ്ഡ് തുറന്നതെന്നാണ് ; | (സി) | റൺവെയുടെയും അനുബന്ധ പ്രവൃത്തികളുടെയും ഫിനാൻഷ്യൽ ബിഡ് 5 നവംബർ 2013 തിയതിക്ക് തുറക്കുകയും പ്രവൃത്തി 694 കോടി രൂപക്ക് L & T (Infra) ഡിവിഷനെ ഏൽപ്പിക്കുകയും ടെർമിനൽ നിർമ്മാണത്തിന്റെ ഫിനാൻഷ്യൽ ബിഡ് 21 ജൂൺ 2014 തിയതിക്ക് തുറക്കുകയും പ്രവൃത്തി 498, 69,99,000 രൂപക്ക് എൽ&ടി (ബി&എഫ്) ഡിവിഷനെ ഏൽപ്പിക്കുകയും ചെയ്തു. |
| (ഡി) | ഫിനാൻഷ്യൽ ബിഡ്ഡ് അംഗീകരിച്ച് പ്രവർത്തി ഏൽപ്പിച്ചത് ഏതു സ്ഥാപനത്തെയാണ് ; | | റൺവെയുടെ ഫിനാൻഷ്യൽ ബിഡ്ഡ് അംഗീകരിച്ച് എൽ&ടി (Infra) കമ്പനിയെയും ടെർമിനൽ ബിൽഡിംഗിന്റെ ഫിനാൻഷ്യൽ ബിഡ്ഡ് അംഗീകരിച്ച് എൽ&ടി (ബി&എഫ്) യെയും ഏൽപിച്ചു. |
| (ഇ) | എത്ര കോടി രൂപയുടെ ഏതെല്ലാം പ്രവൃത്തികളാണ് ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഇ) | ഒന്നാം ഘട്ടത്തിൽ 1192,69,99,000/- രൂപക്കുള്ള നിർമ്മാണ പ്രവൃത്തികളാണ് ഉൾപ്പെടുന്നത്. ഇതിൽ റൺവെ, ഏപ്രൺ, ടാക്സിട്രാക്ക്, പാരലൽ ടാക്സി (പാർട്ട്) അപ്രോച്ച് റോഡ്, ഇന്റേണൽ റോഡ്, ചുറ്റുമതിൽ, ഓപ്പറേഷണൽ വാൾ, സ്റ്റോം വാട്ടർ ഡ്രൈൻ, കാർ പാർക്ക്, റൺവെ ലൈറ്റിംഗ്, നാവിഗേഷണൽ ബിൽഡിംഗ്, അപ്രോച്ച് ലൈറ്റ്, ടെർമിനൽ ബിൽഡിംഗ്, കൺട്രോൾ ടവർ, ടെക്നിക്കൽ ബ്ലോക്ക് മുതലായവ ഉൾപ്പെടുന്നു. |
| (എഫ്) | ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനത്തിലെ ഓരോ പ്രവൃത്തിയും ഇപ്പോൾ ഏതു | (എഫ്) | റൺവെയുടെയും അനുബന്ധ പ്രവൃത്തികളുടെയും ആകെ 35% പ്രവൃത്തിയും ടെർമിനൽ ബിൽഡിംഗിന്റെ പ്രവൃത്തിയിൽ മൊത്തം 15% പ്രവൃത്തികൾ പൂർത്തിയാ |

| | | | |
|---|---|---|---|
| | ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ; | | ക്കിയിട്ടുണ്ട്. |
| (ജി) | തയ്യാറാക്കിയിട്ടുള്ള വർക്ക് ഷെഡ്യൂൾ അനുസരിച്ച് ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഓരോന്നും എപ്പോൾ പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ? | (ജി) | റൺവെയുടെയും അനുബന്ധ പ്രവൃത്തികളുടെയും നിർമ്മാണത്തിന് 30 മാസമാണ് കാലാവധി. 2015 ഡിസംബറിൽ പരിശീലനപറക്കലും 2016 മെയ് മാസത്തിൽ വാണിജ്യാടിസ്ഥാനത്തിലുള്ള സർവ്വീസ് ആരംഭിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ടെർമിനൽ ബിൽഡിംഗ് നിർമ്മാണം 22 മാസം കൊണ്ട് പൂർത്തീകരിക്കാനാണ് കരാർ വ്യവസ്ഥ. 2016 മെയ് മാസത്തിൽ ടെർമിനൽ ബിൽഡിംഗ് പ്രവൃത്തി പൂർത്തിയാവും. |

സെക്ഷൻ ഓഫീസർ